REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 17.06-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- G7 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി കാനഡയിലെ കാൽഗറിയിൽ എത്തി.
- ഇസ്രയേലിന്റെ സ്വയംസംരക്ഷണാവകാശം നിലനിർത്തിക്കൊണ്ടുതന്നെ മധ്യേഷ്യൻ സംഘർഷം അവസാനിപ്പിക്കണമെന്ന് G-7 അംഗരാജ്യങ്ങൾ.
- നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പരസ്യപ്രചാരണത്തിന്റെ കൊട്ടിക്കലാശത്തിലേക്ക് ഇനി വിരലിലെണ്ണാവുന്ന മണിക്കൂറുകൾ മാത്രം.
- സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു.
- അരിവാൾ രോഗത്തെ പറ്റി അവബോധം വളർത്താൻ ആരോഗ്യ വകുപ്പ് ഒരുവർഷത്തെ പ്രത്യേക ക്യാമ്പെയിൻ സംഘടിപ്പിക്കും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി G7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് കാനഡയിലെ കാൽഗറിയിൽ എത്തി. ഉച്ചകോടിയിൽ വിവിധ നേതാക്കളുമായി കൂടിക്കാഴ്ച നടത്തുമെന്നും പ്രധാനപ്പെട്ട ആഗോള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ പങ്കുവെക്കുമെന്നും പ്രധാന മന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ പറഞ്ഞു.

വൈകിട്ട് കാനഡയിലെ കനാനാസ്കിസിൽ G-7 ഉച്ചകോടിയിൽ പങ്കെടുക്കും. പ്രധാനമന്ത്രി തുടർച്ചയായി. ആഗോള വിഷയങ്ങളെക്കുറിച്ച് രാജ്യ തലവന്മാരുമായും അന്താരാഷ്ട്ര സംഘടനാ മേധാവികളുമായും പ്രധാനമന്ത്രി

കാഴ്ച്ചപാടുകൾ പങ്കുവെക്കും. ഊർജ്ജ സുരക്ഷ, സാങ്കേതിക വിദ്യ, നിർമ്മിത ബുദ്ധി, തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി യായിരിക്കും കൂടിക്കാഴ്ച്ചകൾ.

✪✪✪

മധ്യേഷ്യയിലെ സംഘർഷം അവസാനിപ്പിക്കണമെന്നാ വശ്യപ്പെട്ട് G-7 നേതാക്കൾ സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു. ഇസ്രയേലിന്റെ സ്വയം സംരക്ഷണാവകാശം ഉറപ്പാക്കിക്കൊണ്ടുതന്നെ ഇറാനുമായി നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. മേഖലയിൽ സമാധാനവും സുസ്ഥിരതയും ഉറപ്പാക്കാൻ അംഗരാജ്യങ്ങൾ പ്രതിജ്ഞാബദ്ധമാണെന്ന് പ്രസ്താവന പറയുന്നു.

സംഘർഷത്തിൽ സിവിലിയൻമാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ പ്രാധാന്യം പ്രസ്താവനയിൽ എടുത്തുപറയുന്നു. മേഖലയിലെ അസ്ഥിരതയ്ക്കും ഭീകരതയ്ക്കും മുഖ്യ കാരണം ഇറാനാണെന്ന് അവർ കുറ്റപ്പെടുത്തി. ആണവായുധം സ്വന്തമാക്കാൻ ഇറാന് അവസരം ഉണ്ടാകരുതെന്ന നിലപാടും അവർ ആവർത്തിച്ചു. ഇറാനിലെ സംഘർഷം അവസാനിക്കുന്നതോടെ മധ്യേഷ്യയിലെ ശത്രുത ഇല്ലാതെയാകും. ഗാസയിലെ വെടിനിർത്തലിനും ഇത് വഴിയൊരുക്കുമെന്ന് പ്രസ്താവനയിൽ പറയുന്നു. സംഘർഷത്തെ തുടർന്ന് രാജ്യാന്തര ഇന്ധന വിപണിയിലുണ്ടാകാവുന്ന പ്രതിസന്ധി പരിഹരിക്കാൻ യോജിച്ച് പ്രവർത്തിക്കാനും G-7 രാജ്യങ്ങൾ സന്നദ്ധത അറിയിച്ചു.

✪✪✪

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച എയർ ഇന്ത്യ പൈലറ്റ് ക്യാപ്റ്റൻ സുമീത് സബർവാളിന്റെ മൃതദേഹം മുംബൈയിലെ വസതിയിലെത്തിച്ചു. DNA പരിശോധനയ്ക്കു ശേഷമാണ് സുമീതിന്റെ മൃതദേഹം തിരിച്ചറിഞ്ഞത്.

വിമാനദുരന്തത്തിൽ മരിച്ച 135 പേരുടെ മൃതദേഹങ്ങൾ DNA പരിശോധനയിൽ തിരിച്ചറിഞ്ഞു. ഇതിൽ 101 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറി. മൃതദേഹങ്ങളുടെ DNA പരിശോധന ദ്രുതഗതിയിൽ തുടരുകയാണെന്നും രണ്ട് ദിവസത്തിനകം ഇത് പൂർത്തീകരിക്കാനാകുമെന്നും അഹമ്മദാബാദ് സിവിൽ ആശുപത്രി സൂപ്രണ്ട് അറിയിച്ചു.

✪✪✪

രാജ്യത്ത് സജീവ കോവിഡ് കേസുകൾ 6,836 ആയി ഉയർന്നു. 1,168 പേർക്കാണ് പുതുതായി രോഗം സ്ഥിരീകരിച്ചത്. ഇന്നലെ ഒരു മരണവും രേഖപ്പെടുത്തി.

കഴിഞ്ഞ ജനുവരി ഒന്നിന് ശേഷം ഇതുവരെ 21,717 പേർക്കാണ് രോഗ ബാധ സ്ഥിരീകരിച്ചത്. ഇതിൽ 14,772 പേർക്ക് രോഗം ഭേദമായി. 109 പേർ മരിച്ചു.

✪✪✪

2027-ലെ സെൻസസിൽ ജാതി സെൻസസ് ഉൾപ്പെടുത്തില്ലെന്ന സാമൂഹിക മാധ്യമങ്ങളിലെ വാർത്തകൾ കേന്ദ്ര ഗവൺമെന്റ് നിഷേധിച്ചു. ഓൺലൈനിൽ പ്രചരിക്കുന്ന സ്ഥിരീകരിക്കാത്ത വിവരങ്ങളിൽ വിശ്വസിക്കരുതെന്ന് PIB ജനങ്ങളോട് അഭ്യർത്ഥിച്ചു.

✪✪✪

എല്ലാ വർഷവും ഡിസംബർ നാല്, ഏകപക്ഷീയ നിർബന്ധിത നടപടികൾക്കെതിരായ അന്താരാഷ്ട്ര ദിനമായി പ്രഖ്യാപിക്കുന്ന പ്രമേയം UN പൊതുസഭ അംഗീകരിച്ചു. അന്താരാഷ്ട്ര നിയമങ്ങൾക്കും UN ചാർട്ടറിനും അനുസൃതമല്ലാതെ വികസ്വര രാജ്യങ്ങളിൽ ഏകപക്ഷീയമായ സാമ്പത്തിക വ്യാപാര നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും പ്രഖ്യാപിക്കുന്നതിൽ നിന്നും വിട്ടുനിൽക്കാൻ രാജ്യങ്ങളോട് അഭ്യർത്ഥിക്കുന്നതാണ് പ്രമേയം.

✪✪✪

ഇന്ന് ലോക മരുവത്കരണ-വരൾച്ചാ പ്രതിരോധ ദിനം. മരുവത്കരണവും വരൾച്ചയും പ്രതിരോധിക്കാൻ തന്ത്രങ്ങൾ എന്ന വിഷയത്തിൽ ജോധ്പൂരിൽ ദേശീയ ശില്പശാല സംഘടിപ്പിക്കും. കേന്ദ്രമന്ത്രി ഭൂപേന്ദ്ര യാദവ് അധ്യക്ഷനാകും. കേന്ദ്രമന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്തും പരിപാടിയിൽ പങ്കെടുക്കും. 'ഭൂമി പുനഃസ്ഥാപിക്കുക - അവസരങ്ങൾ അനാവരണം ചെയ്യുക' എന്ന പ്രമേയത്തോടയാണ് ഈ വർഷത്തെ ദിനാചരണം.

✪✪✪

കമൽഹാസന്റെ തഗ്‌ലൈഫ് എന്ന ചിത്രം കർണാടകയിൽ റിലീസ് ചെയ്യുന്നതിനെതിരായ പ്രതിഷേധത്തെ സുപ്രീം കോടതി വിമർശിച്ചു. ജനങ്ങൾ നിയമം കയ്യിലെടുക്കുന്നത് ശരിയല്ലെന്ന് കോടതി നിരീക്ഷിച്ചു. സെൻസർബോർഡ് അനുമതി നൽകിയ ചിത്രം പ്രദർശിപ്പിക്കാൻ സാഹചര്യമൊരുക്കേണ്ടത് സംസ്ഥാന ഗവൺമെന്റുകളാണെന്നും കോടതി അഭിപ്രായപ്പെട്ടു. ചിത്രത്തിന്റെ റിലീസിംഗുമായി ബന്ധപ്പെട്ട ക്രമസമാധാന പ്രശ്നങ്ങളും പരിഹാര നടപടികളും നാളെ സമർപ്പിക്കണമെന്ന് കോടതി കർണാടക ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. വ്യാഴാഴ്ചയാണ് കേസിലെ അടുത്ത വാദം.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പരസ്യപ്രചാരണത്തിന്റെ കൊട്ടിക്കലാശത്തിലേക്ക് ഇനി വിരലിലെണ്ണാവുന്ന മണിക്കൂറുകൾ മാത്രം. പ്രചാരണസമാപനം അവിസ്മരണീയമാക്കാൻ മുന്നണി സ്ഥാനാർത്ഥികളും, കക്ഷിരഹിതരും അടവുകൾ പതിനെട്ടും പയറ്റുകയാണ്.

മലപ്പുറം പ്രതിനിധി M സുരേഷ് ബാബുവിന്റെ റിപ്പോർട്ട്.

........വോയ്സ്.........

✪✪✪

ഉപതിരഞ്ഞെടുപ്പിൽ പോളിംഗ് സ്റ്റേഷനുകളായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും നാളെയും മറ്റന്നാളും അവധിയായിരിക്കുമെന്ന് മലപ്പുറം ജില്ലാ കലക്ടർ അറിയിച്ചു. പോളിംഗ് സാമഗ്രികളുടെ വിതരണ - സ്വീകരണ കേന്ദ്രമായി പ്രവർത്തിക്കുന്ന ചുങ്കത്തറ മാർത്തോമ ഹയർ സെക്കൻഡറി സ്കൂളിന് ഇന്ന് മുതൽ 23 വരെയും അവധിയായിരിക്കും.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. അതി ശക്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

മറ്റന്നാൾ വരെ കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിൽ ശക്തമായ മഴ തുടരുന്നു. വൻനാശനഷ്ടം ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്).......

✪✪✪

ജലനിരപ്പുയരുന്നതിനെ തുടർന്ന് സംസ്ഥാന ജലസേചന വകുപ്പും, കേന്ദ്ര ജല കമ്മീഷനും ഏതാനും നദികളിൽ ഓറഞ്ച്, മഞ്ഞ അലർട്ടുകൾ നൽകി.

കാസറഗോഡ് ഉപ്പള, നീലേശ്വരം, മൊഗ്രാൽ, കോഴിക്കോട് കോരപ്പുഴ, പത്തനംതിട്ട മണിമലയാറുകളിലാണ് ഓറഞ്ച് അലർട്ട് നൽകിയിരിക്കുന്നത്.

തൃശൂർ കരുവന്നൂർ പുഴയിലും, പാലക്കാട് ഭവാനി പുഴയിലും മഞ്ഞ ജാഗ്രത നൽകി. ഈ നദികളിൽ ഇറങ്ങാനോ, മുറിച്ചു കടക്കാൻ ശ്രമിക്കാനോ പാടില്ല. തീരവാസികൾ ജാഗ്രത പാലിക്കേണ്ടതാണ്.

✪✪✪

ശബരിമല സന്നിധാനത്തും പരിസരങ്ങളിലും ഇടവിട്ട ശക്തമായ മഴ തുടരുകയാണ്. മഴയത്ത് ഏതാനും ഭക്തർക്ക് തെന്നിവീണു പരുക്കേറ്റതോടെ നീലിമലപാതയിൽ നിയന്ത്രണം ഏർപ്പെടുത്തി. പമ്പയിൽ പമ്പാ സ്നാനത്തിനും രണ്ടു ദിവസമായി നിയന്ത്രണമുണ്ട്.

✪✪✪

കനത്ത മഴയിലും കാറ്റിലും കോഴിക്കോട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വ്യാപക നാശനഷ്ടം. കുമാരനല്ലൂർ വില്ലേജിൽ രണ്ട് വീടുകളിൽ വെള്ളം കയറി. ഇവരെ മാറ്റി പാർപ്പിച്ചു.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീർ വെപ്പ് രാത്രി ആരംഭിക്കും.

രാത്രി മന്ദംചേരിയിലെ ബാവലിക്കരയിൽ കാത്തിരിക്കുന്ന ഇളനീർ വ്രതക്കാർ രാശിവിളിക്കുമ്പോൾ സന്നിധാനത്തേക്ക് ഓടിയെത്തി ഇളനീർക്കാവുകൾ സമർപ്പിക്കും.

✪✪✪

അരിവാൾ രോഗത്തെ പറ്റി അവബോധം വളർത്താൻ ആരോഗ്യ വകുപ്പ് ഒരുവർഷത്തെ പ്രത്യേക ക്യാമ്പെയിൻ സംഘടിപ്പിക്കും. ആരോഗ്യ വകുപ്പും ട്രൈബൽ വകുപ്പും ചേർന്നാണ് ക്യാമ്പെയിൻ നടത്തുന്നത്. സിക്കിൾസൽ രോഗം- ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ചികിത്സാ കേന്ദ്രങ്ങൾ, സഹായ പദ്ധതികൾ, എന്നിവയെപറ്റി വിശദാംശങ്ങൾ ജനങ്ങളിലെത്തിക്കും. ഗോത്ര ഭാഷയിലുൾപ്പെടെ പ്രത്യേക സന്ദേശങ്ങളും ക്യാമ്പെയിന്റെ ഭാഗമായി തയ്യാറാക്കും. പരിപാടിയുടെ ലോഗോ മന്ത്രി വീണാ ജോർജ്ജ് പ്രകാശനം ചെയ്തു.

✪✪✪

FIH ഹോക്കി പ്രോ ലീഗിൽ ഇന്ത്യൻ വനിതാ ടീം ഇന്നും നാളെയും അർജന്റീനയെ നേരിടും. ലണ്ടനിലെ ലീ വാലി ഹോക്കി & ടെന്നീസ് സെന്ററിലാണ് മത്സരം.

✪✪✪

പട്ടിക വിഭാഗ വികസന വകുപ്പുകളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചെന്ന പ്രതിപക്ഷനേതാവിന്റെ ആക്ഷേപം തെറ്റിദ്ധാരണാജനകമാണെന്ന് മന്ത്രി O.R കേളു വാർത്താക്കുറിപ്പിൽ അറിയിച്ചു. ബജറ്റ് വകയിരുത്തലുകളിലെ തുകയുടെ മികച്ച വിനിയോഗം സാധ്യമാക്കിയിട്ടുണ്ടെന്നും തുക വെട്ടിക്കുറച്ചിട്ടി ല്ലെന്നും മന്ത്രി കണക്കുകൾ കാണിച്ച് വ്യക്തമാക്കി.

✪✪✪

സാമൂഹ്യ സുരക്ഷാമിഷന്റെ ആശ്വാസ കിരണം  ധനസഹായ പദ്ധതിയിലെ ഗുണഭോക്താക്കൾ തുടർസഹായത്തിന് ലൈഫ് സർട്ടിഫിക്കറ്റ് ജൂലൈ 15നകം സമർപ്പിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. നേരിട്ടോ തപാൽ വഴിയോ സർട്ടിഫിക്കറ്റുകൾ നൽകാം.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRT: അനിൽ ചന്ദ്രൻ*
*DEO : ഷീബ*